# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.10/2457/18


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഇ-മെയിൽ-dokkd.ksad@kerala.gov.in

ഫോൺ : 0495 2371012


തീയതി –10-12-2018

ഡെപ്യൂട്ടി യറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.10/2487/2018 തീയതി –10-12-2018

# കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 31-3-2017 മുതൽ 20.10.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സതീഷ് മാവേലിപുത്തൻ വീട്, ഡപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ, വിനിയോഗിച്ച സമയം | 22.10.2018 മുതൽ 31.10.2018 വരെ |
| ശ്രീ.ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.പ്രബോധ് കുമാർ.ഇ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ദിശ.ആർ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അഫ്സൽ.ടി.എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രൂപലേഖ കൊമ്പിലാട്ട് | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.സുനിൽ കുമാർ.എം.പി. | 01.04.2017 മുതൽ 26.02.2018 വരെ |
| | ശ്രീ.ഷിബിൻ.കെ.കെ അസി സെക്രട്ടറി (അധിക ചുമതല). | 27.02.2018 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.ഷമ്മി മാത്യൂ | കൃഷി ഓഫീസർ | 01.04.2017 മുതൽ 12.7.2017വരെ |
| ശ്രീമതി. വിദ്യ.പി | | 15.07.2017 മുതൽ 31.03.2018വരെ |
| ഡോ.സുബീഷ്.പി.എം | വെറ്ററിനറി സർജ്ജൻ | 01.04.2017മുതൽ 5.06.2017 വരെ |
| ഡോ.ധന്യ.എ | | 6.06.2017 മുതൽ 31.03.2018 വരെ |
| ഡോ.വിപിൻ.വി.ബി.<br>ഡോ.ഹെലന മോൾ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01.04.2017മുതൽ 7.08.2017 വരെ<br>07.09.2017 മുതൽ 31.03.2018 വരെ |
| ഡോ.പി.വി.മുഹമ്മദ് കബീർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2017മുതൽ 31.03.2018 വരെ |
| ശ്രീമതി.സീമ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01.04.2017 മുതൽ 31.03.2018 വരെ |
| ശ്രീമതി.രാധിക പി.<br>ശ്രീമതി.ലക്ഷ്മി ശശിന്ദ്രൻസി.പി. | വി.ഇ.ഒ. | 01.04.2017മുതൽ 31.03.2018വരെ |
| ശ്രീമതി.ഹലീമ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2017മുതൽ 25.07.2017വരെ 24.10.2017മുതൽ 31.03.2018വരെ |
| ശ്രീമതി.പ്രസന്ന | | 26.07.2017മുതൽ23.10.2017വരെ |
| ശ്രീ.പ്രേമരാജൻ.ഇ. | ഹെഡ് മാസ്റ്റർ | 01.04.2017മുതൽ 31.03.2018വരെ |
| ശ്രീമതി.രഞ്ചു സുരേന്ദ്രൻ | അസിസ്റ്റന്റ് എൻജിനീയർ | 01.04.2017മുതൽ 31.03.2018വരെ |
| ശ്രീമതി.ജീജ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2017 മുതൽ 31.03.2018വരെ |
| ശ്രീ.ഷിബിൻ.കെ.കെ അസി സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2017മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ഭാഗം-1പൊതു അവലോകനം |
|---|

| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി നിർണ്ണയം - അപാകതകൾ |
| 2-2 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - വാടകകുടിശ്ശിക ഈടാക്കിയില്ല. |
| 2-3 | പഞ്ചായത്ത് ഹാൾ വാടകയ്ക്ക് നൽകിയത് – അപാകതകൾ |
| 2-4 | ഡി. ആന്റ്.ഒ. ലൈസൻസ് – അപാകതകൾ |
| 2-5 | തൊഴിൽ നികുതി – അപാകതകൾ |
| 2-6 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതി നടപ്പിലാക്കുന്നതിന് 11 ലക്ഷം രൂപ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു. കരാറിൽ ഏർപ്പെടുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തില്ല. |

| | |
|---|---|
| 3-2 | കുടിവെള്ള പദ്ധതികൾ – വകയിരുത്തിയ തുക ചെലവഴിച്ചില്ല. |
| 3-3 | പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു അപാകതകൾ |
| 3-4 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ – പ്രൊജക്ട് നടത്തിയതിലെ അപാകതകൾ |
| 3-5 | നെൽകൃഷിയ്ക്ക് കൂലി ചെലവ് – കൃഷി ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല. |
| 3-6 | തെരുവ് വിളക്ക് റിപ്പയർ – അപാകതകൾ |
| 3-7 | വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നിർദ്ദേശം നടപ്പാക്കിയില്ല – വാടകയിനത്തിൽ ഭാരിച്ച നഷ്ടം. |
| 3-8 | മൃഗസംരക്ഷണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 3-9 | ശമ്പളപരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 3-10 | പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം – പഞ്ചായത്ത് തീരുമാനം നടപ്പാക്കിയില്ല. |
| 3-11 | വാങ്ങൽ നടപടിക്രമം പാലിക്കാത്തതത്. |
| 3-12 | ജീവിതശൈലീരോഗനിർണ്ണയം – ലക്ഷ്യവും നേട്ടവും വ്യക്തമാക്കിയില്ല. |
| 3-13 | ദൈനംദിന ജോലിയുടെ ഭാഗമായ യാത്രയ്ക്ക് വാഹനവാടക നൽകുന്നു. |
| 3-14 | കുടിവെള്ള പദ്ധതി നടത്തിപ്പ് പരിപാലന കമ്മിറ്റിയെ ഏല്പിച്ചു. |
| 3-15 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. |
| 3-16 | മേൽക്കൂര മാറ്റൽ നിർമ്മാണം പൂർത്തീകരിച്ചില്ല. |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 27.3.17തീയതിയിലെ 61/17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 8.5.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.18 – 23.6.18 | കെഎസ്എകെകെഡി /പി10/1449//18 തിയ്യതി 9.7.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14750650 |
| വരവ് | 67831735 |
| ആകെ | 82582385 |
| ചെലവ് | 76493510 |
| നീക്കിയിരിപ്പ് | 6088875 |

*നികുതികളുടെ പിരിച്ചെടുക്കൽ 100% ആക്കിയിട്ടുണ്ട്. തനത് വരുമാനം കണ്ടെത്താൻ പുതിയ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടില്ല. നിലവിലുള്ളവയുടെ പിരിച്ചെടുക്കൽ സംബന്ധിച്ച് ഭാഗം 2ൽ പരാമർശിച്ചിട്ടുണ്ട്.*

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14188000 | 14188000 | 13160506 | 1027494 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8158015 | 8158015 | 6159831 | 1998184 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 8996 | 8996 | 8996 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4912000 | 4912000 | 4796324 | 115676 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3141000 | 3141000 | 2553124 | 587876 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6662250 | 6662250 | 6441303 | 220947 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 125871 | 125871 | 125871 | 0 |
| സാക്ഷരത | | 1316 | 504 | 1820 | 0 | 1820 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 38614005 | 38614005 | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11509 | 956037 | 967546 | 958005 | 9541 |
| എസ്എസ്എ | | 324825 | 12100 | 336925 | 0 | 336925 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1126500 | 1126500 | 484500 | 642000 |
| | ജില്ലാ പഞ്ചായത്ത് | 0 | 316500 | 316500 | 296500 | 20000 |
| ബി ഫണ്ട് | | 0 | 46668300 | 46668300 | 46668300 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8194251 | 165926 | 8360177 | 8360177 | 0 |
| | | 0 | 22045576 | 22045576 | 16853644 | 5191932 |
| | ട്രഷറി അക്കൗണ്ട് | 5925286 | 13652893 | 19578179 | 19363059 | 215120 |
| എംപി എൽഎഡി | | 293463 | 1612069 | 1905532 | 1584553 | 320979 |
| own fund 09 | | 0 | 11207 | 11207 | 649 | 10558 |
| bhavana nidhi | | 0 | 2000 | 2000 | 0 | 2000 |

വാർഷിക കണക്കുമായുള്ള വ്യത്യാസം വാർഷിക കണക്കുകളുടെ അപാകതയിൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 66638769 | 113 | 41641877 | 16 | 39 | 67.26% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. തുവ്വക്കാട് കുടിവെള്ള പദ്ധതി

66638769 രൂപ വകയിരുത്തി 168 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 129 പ്രൊജക്ടുകളാണ് നടപ്പാക്കാൻ ശ്രമിച്ചത് ഗുണഭോക്തൃവിഹിതമടക്കം 41641877 രൂപ ചെലവഴിച്ചു. ഇതിൽ തന്നെ 16 പ്രൊജക്ടുകൾ ഭാഗികമായി മാത്രമാണ് തുക ചെലവഴിച്ചത്. ആകെ വകയിരുത്തിയ തുകയുടെ 62% തുക മാത്രമേ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുള്ളൂ. ശേഷിക്കുന്ന തുക കൃത്യമായ ആസൂത്രണത്തിന്റെയും മോണിട്ടറിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക, വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും നഷ്ടപ്പെടാൻ കാരണമായത് കാര്യക്ഷമമവും സമയബന്ധിതവുമായ പദ്ധതി പ്രവർത്തനങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്വയം വിമർശാത്മകമായി ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11509 | 956037 | 967546 | 958005 | 9541 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 37077000 | 37077000 | 37077000 | |

വാർഷിക കണക്ക് പ്രകാരമുള്ള തുകയാണ് മേൽ കൊടുത്തത്. എം.എൻ.ആർ.ഇ.ജി.എസ് ഓഫീസിലെ റസീറ്റ് & പെയ്മെന്റ് കണക്കുകൾ പ്രകാരം ഭരണചെലവ് 956172 രൂപയും എം.ഐ.എസ് പ്രകാരം നേരിട്ട് തൊഴിലാളികൾക്ക് നൽകുന്ന തുക 37077000 രൂപയും ആണ്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 209040 | 355 |
| കർഷകതൊഴിലാളി പെൻഷൻ | 7920800 | 672 |

| | | |
|---|---|---|
| വിധവാപെൻഷൻ | 14027800 | 1178 |
| വാർദ്ധക്യകാലപെൻഷൻ | 20648300 | 1654 |
| വികലാംഗപെൻഷൻ | 3208200 | 271 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 834200 | 97 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.18 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43762/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വൗച്ചറുകളും രശീതും മിക്കവാറും രേഖകളും അതീവ ശ്രദ്ധയോടെയും ഭംഗിയായും ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ഈ പ്രവൃത്തി അഭിനന്ദനീയമാണ്. എങ്കിലും സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)ചെക്കുകൾ നല്കിക്കഴിഞ്ഞാൽ ആയത് പണമാക്കുന്നത് വരെ നിരീക്ഷിക്കുകയോ നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേൽ ചെക്ക് വിഭാഗത്തിൽപ്പെടുത്തുകയോ ചെയ്യുന്നില്ല.

(2)ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വരുന്ന ചെക്കുകൾ ഏത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു എന്നോ ഏത് തിയ്യതിയിൽ പണമാക്കുന്നു എന്നോ രേഖപ്പെടുത്തുന്നില്ല.

(3)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ ഉണ്ടാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്. പല വാങ്ങലുകളും പ്രോക്യൂർമെന്റ് കമ്മറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല.

(4)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല.

(5)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായി ആസ്തികൾ കണ്ടുപിടിക്കുന്നതിനും ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിനും നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികളോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായോ രേഖകളില്ല.

(6) മൂവബിൾ ഇമ്മൂവബിൾ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(7) പൗരാവകാശ രേഖ പുതുക്കിയിട്ടില്ല.

(8) വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഓരോ സെക്ഷന്റെയും ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധന നടത്തിയിട്ടില്ല. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ച നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.
(9) ജീവനക്കാരുടെ ഹാജർ പട്ടിക കൃത്യമായി അവധികൾ രേഖപ്പെടുത്തി നിരീക്ഷിക്കുന്നില്ല
മേൽക്കാര്യങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.18, 15.10.18 | 9/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.8.16 | 2011-12 to 2014-15 | LBA(HQ)/VI /8A-2511/119 25.11.16 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവയുടെയും ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് അപാകതകളും ചുവടെ ചേർക്കുന്നു.

എം.എൻ.ആർ.ഇ.ജി.എസ് ഓഫീസിലെ റസീറ്റ് & പെയ്മെന്റ് കണക്കുകൾ പ്രകാരം ഭരണചെലവ് 956172 രൂപയും എംഐഎസ് പ്രകാരം നേരിട്ട് തൊഴിലാളികൾക്ക് നൽകുന്ന തുക 37077000 രൂപയും ആണ്. എന്നാൽ വാർഷിക കണക്കിൽ ആയത് യഥാക്രമം 956037/- രൂപയും 38614005/- രൂപയുമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണയം-അപാകതകൾ

1)തറ വിസ്തീർണത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ, ശ്രീ.മുഹമ്മദ്, സക്കീന എന്നിവർക്ക് എ4 376/2014-15 നമ്പരിൽ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയിരുന്നു. കെട്ടിടത്തിന്റെ പണി ഭാഗികമായി പൂർത്തീകരിച്ച് കെട്ടിട നമ്പറുകൾ ലഭിക്കുന്നതിനായി ഉടമസ്ഥൻ 09/12/2017 ന് അപേക്ഷ സമർപ്പിച്ച .ഇതിന്റെ അടിസ്ഥാനത്തിൽ നമ്പരുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ, ന്യൂ ബിൽഡിങ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിടമുടമയുടെ | ആകെ തറ | അനുവദിക്കപ്പെട്ട | നികുതി | ബാധകമാക്കി. | ബാധകമാക്കിയ |
|---|---|---|---|---|---|

| പേരും വിലാസവും | വിസ്തീർണം | കെട്ടിട നമ്പറുകൾ | ഈടാക്കിയ തറ വിസ്തീർണം | നികുതി നിരക്ക) | നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ് |
|---|---|---|---|---|---|
| | | 7/126 B | 16.36 | | 786+40=826 |
| | | 7/126 C | 16.36 | | 786+40=826 |
| | | 7/126 D | 16.36 | | 786+40=826 |
| | | 7/126 E | 36.12 | | 1734+87=1821 |
| | | 7/126 F | 34.28 | | 1646+83=1729 |
| | | 7/126 G | 37.01 | | 1777+89=1866 |
| | | 7/126 H | 39.12 | | 4278+214=4492 |
| | | 7/126 J | 57.82 | | 2776+139=2915 |
| | | 7/126 K | 67.18 | | 3225+162=3387 |
| | | 7/126 L | 68.8 | | 3303+166=3469 |
| | | 7/126 M | 16.39 | | 787+40=827 |
| | | 7/126 N | 16.7 | | 802+41=843 |
| | | 7/126 P | 16.82 | | 808+41=849 |
| ശ്രീ മുഹമ്മദ്, സക്കീന. പുതിയേടത്ത്. കണ്ണാടിപ്പൊയിൽ | തറനില 927.34 ഒന്നാം നില 1192.11 | 7/126 Q | 22.05 | | 1059+53=1112 |
| | | 7/126 R | 19.66 | 40 | 944+48=992 |
| | | 7/126 S | (തറനില | | 747+38=785 |
| | | 7/126 T | ആകെ 531.03) | | 747+38=785 |
| | | 7/126 U | 16.36 | | 747+38=785 |
| | | 7/126 V | 16.36 | | 1648+83=1731 |
| | | 7/126 W | 16.36 | | 1564+79=1643 |
| | | 7/126 X | 36.12 | | 1689+85=1744 |
| | | 7/126 Y | 34.28 | | 1548+78=1626 |
| | | 7/126 Z | 37.01 | | 2405+121=2526 |
| | | 7/126AA | 33.93 | | 2638+132=2770 |
| | | 7/126 AB | 52.71 | | 3064+158=3222 |
| | | 7/126 AC | 57.82 | | 3138+157=3295 |
| | | 7/126 AD | 67.18 | | 1765+89=1854 |
| | | 7/126 AE | 68.8 | | 1833+92=1925 |

| | | | | | |
|---|---|---|---|---|---|
| | | 7/126 AF<br>7/126 AG<br>7/126 AH<br>7/126 AJ | 38.67<br>40.17<br>93.52<br>66.51<br>53.95<br>57.37<br>(ഒന്നാംനില ആകെ 787.12) | | 4265+214=4479<br>3034+152=3186<br>2461+124=2585<br>2617+131=2748 |
| ആകെ | 2119.45 | | 1318.15 | | 61407+3092=64499 |

അപേക്ഷയിൽ ഭാഗികമായി പൂർത്തീകരിച്ച കെട്ടിടത്തിന്റെ തറ വിസ്തീർണം(plinth area) 2119.45(തറനില927.34,ഒന്നാം നില1192.11 )ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ 1318.15 ച.മി യുടെ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കെട്ടിട നികുതി കണക്കാക്കിയപ്പോൾ 801.3 ച.മി ക്ക് നികുതി കണക്കാക്കിയിട്ടില്ല. വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിനു മറുപടി നൽകിയിട്ടുണ്ട്. തറ വിസ്തീർണം കണക്കാക്കിയതിൽ സംഭവിച്ച കുറവ് പരിഹരിച്ച് അധിക തുക ഉടമസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയ്ക്കുമെന്നെ ബോധിപ്പിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്. നിലവിൽ കെട്ടിടത്തിന്റെ നികുതി നിരക്ക് ച.മീക്ക് 40 രൂപ (100 ച.മീ. വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായനിരക്ക്) കണക്കാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ വിസ്തീര്ണം 100 ച.മി യിൽ അധികമായതിനാൽ ആകെ തറ വിസ്തീർണമായ 2119.45 ച.മിക്ക് 50/-നിരക്കിൽ( 100 ച.മി ക്ക് മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായനിരക്ക്)പുനർ നിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി

പഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. സഞ്ചയയിലെ വസ്തു നികുതി നിർണയ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടത്തിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി കണക്കാക്കിയിട്ടുള്ളത്.

| കെട്ടിട മുടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണം | ബാധകമാക്കി. നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്) | നഷ്ടം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| മുഹമ്മദ് പുതിയേടത്ത്. കണ്ണാടി പ്പൊയിൽ | 307.6 | 7/126 എ | 307.6 | 40/ച.മീ. | 14765+739 =15504 | 50/ച.മീ | 18456+ =19379 | 3691+184 =3875 |
| ആകെ | | | | | | | | 3875 |

അപാകതയ്ക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനു മറുപടി നൽകിയിട്ടുണ്ട്. സഞ്ചയയിൽ നികുതി നിരക്ക് കണക്കാക്കിയതിൽ സംഭവിച്ച അപാകത പരിഹരിച്ച് അധിക തുക ഉടമസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയ്ക്കുമെന്നെ ബോധിപ്പിച്ചിട്ടുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

സഞ്ചയയിൽ തെറ്റായി നികുതി നിരക്ക് രേഖപ്പെടുത്തിയത് മൂലം പഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ചു. പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന കെട്ടിടങ്ങളുടെ നികുതി നിരക്ക് സഞ്ചയയിൽ നിർണയിക്കുമ്പോൾ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ കൃത്യമായ മേൽനോട്ടം ഉണ്ടാവേണ്ടതും മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ മേൽ അപാകത ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു

| കെട്ടിടമുടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണം | ബാധക മാക്കിയ നികുതി നിരക്ക് | ബാധക മാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്) (വഴി സൗകര്യം | ബാധക മാക്കേണ്ട നികുതി നിരക്ക് | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | 20% വർദ്ധനവ്,<br>ഒന്നാം നില ഇളവ് എന്നിവ അടക്കം) | | | |
| അബ്ദുൽ സമദ്, കുറുവച്ചാലിൽ | 229.68 | 17/179 A<br>17/179A1<br>17/179B<br>17/179C(ff)<br>7/179D(ff) | 22.968<br>22.968<br>68.904<br>45.936<br>68.904 | 40/ ച.മീ. | 1103+56=1103<br>1103+56=1103<br>3308+166=3474<br>2095+105=2200<br>3143+158=3301 | 50/ച.മീ. | 1378+69=1447<br>1378+69=1447<br>4134+207=4341<br>2618+131=2749<br>3928+196=4124 | 344<br>344<br>867<br>549<br>823 |
| ആകെ | | | | | | | | 2927 |
| ഭാസ്കരൻ, തെയ്യത്താൻകണ്ടി | 319.05 | 17/574A<br>7/574B<br>7/574C<br>7/574D<br>7/574E<br>7/574F<br>7/574G<br>7/574H(ff)<br>7/574J(ff)<br>7/574K(ff)<br>7/574L(ff)<br>7/574M(ff) | 14.15<br>33.12<br>17.96<br>17.72<br>17.15<br>14.4<br>31.5<br>26<br>25.99<br>28.66<br>29.24<br>63.16 | | 680+34=714<br>1590+80=1670<br>863+44=907<br>851+43=894<br>824+42=866<br>692+35=727<br>1512+76=1588<br>1186+60=1246<br>1186+60=1246<br>1308+66=1374<br>1334+67=1401<br>2881+145=3026 | | 849+43=892<br>1987+99=2086<br>1078+54=1132<br>1064+54=1118<br>1029+52=1081<br>864+43=907<br>1890+95=1985<br>1404+71=1475<br>1404+71=1475<br>1634+82=1716<br>1667+84=1751<br>3600+180=3780 | 178<br>416<br>225<br>224<br>215<br>180<br>397<br>229<br>229<br>342<br>350<br>754 |
| ആകെ | | | | | | | | 3739 |
| സുരേഷ് ബാബു,രാജൻ കണ്ണഞ്ചേരി | 598.7 | 5/90A<br>5/90B<br>5/90C<br>5/90D<br>5/90E | 27.22<br>27.22<br>27.22<br>27.22<br>27.22 | | 1307+66=1373<br>1307+66=1373<br>1307+66=1373<br>1307+66=1373<br>1307+66=1373 | | 1634+82=1716<br>1634+82=1716<br>1634+82=1716<br>1634+82=1716<br>1634+82=1716 | 343<br>343<br>343<br>343<br>343 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 5/90F | 27.22 | | 1307+66=1373 | | 1634+82=1716 | 343 |
| | | 5/90G | 27.22 | | 1307+66=1373 | | 1634+82=1716 | 343 |
| | | 5/90H | 27.22 | | 1307+66=1373 | | 1634+82=1716 | 343 |
| | | 5/90J | 27.22 | | 1307+66=1373 | | 1634+82=1716 | 343 |
| | | 5/90K | 27.22 | | 1307+66=1373 | | 1634+82=1716 | 343 |
| | | 5/90L(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90M(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90N(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90P(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90Q(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90R(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90S(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90T(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90U(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| | | 5/90V(ff) | 32.65 | | 1490+75=1565 | | 1861+94=1955 | 390 |
| ആകെ | | | | | | | | 7330 |
| സഫീർ അബ്ദുസലാം<br>റിയാസ് അബ്ദുസലാം<br>പാലേരി | 1009.92 | 4/187D(ff)<br>4/187E(ff)<br>4/187F(ff)<br>4/187G(ff)<br>4/187H(ff)<br>4/187J(ff) | 56.7<br>26.16<br>26.16<br>68.66<br>42.2<br>81.1 | | 2586+130=2716<br>1194+60=1254<br>1194+60=1254<br>3132+157=3289<br>1925+97=2022<br>3699+185=3884 | | 3231+162=3393<br>1492+75=1567<br>1492+75=1567<br>3914+196=4110<br>2406+121=2527<br>4623+232=4855 | 677<br>313<br>313<br>821<br>505<br>971 |
| ആകെ | | | | | | | | 3600 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മുകളിൽ പറഞ്ഞിട്ടുള്ളകെട്ടിടങ്ങളുടെ നികുതി നിരക്ക് പുനർ നിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-2** പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ്- വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു

ഭരണ സമിതിയുടെ 11/08/2017 ലെ 10/17 നമ്പർ തീരുമാന പ്രകാരം നിലവിലുള്ള ഷോപ്പിങ് കോംപ്ലക്സ് പുതുക്കി പണിയാൻ തീരുമാനിച്ചിരിക്കുന്നതിനാൽ 01/10/2017 മുതൽ മുറി വാടക പുതുക്കി നൽകിയിരുന്നില്ല. ഇക്കാര്യം 25/09/17 ലെ എ5 9297/17 കത്ത് പ്രകാരം വാടകക്കാരെ അറിയ്ച്ചിരുന്നു.തുടർന്ന് 09/10/17 ലെ എ5.10/2017 നം കത്ത് പ്രകാരം കട മുറികളുടെ താക്കോൽ തിരിച്ചേൽപ്പിക്കുന്നതിന് കത്തയച്ചുവെങ്കിലും ആരും തന്നെ മുറികൾ ഒഴിഞ്ഞു നൽകിയിരുന്നില്ല.04/07/2018 ന് മുറികൾ 7 ദിവസത്തിനകം ഒഴിഞ്ഞ് നൽകണമെന്നും അല്ലാത്ത പക്ഷം ഇനി ഒരറിയിപ്പും ഇല്ലാതെ കെട്ടിടം ഒഴിപ്പിക്കുന്നതാണ് എന്നറിയിച്ചു കൊണ്ട് കത്തയച്ചു.2018 ജൂലായ് മാസത്തിൽ തന്നെ കെട്ടിടം പൊളിച്ചു മാറ്റുകയും പുതിയ കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജൂലായ് മാസത്തിൽ താക്കോൽ തിരിച്ചേല്പിക്കുന്നതിന് ആവശ്യപ്പെട്ടതിൽ നിന്നും 2018 ജൂൺ മാസം വരെ വാടകക്കാർ മുറികൾ ഉപയോഗിച്ചിരുന്നു എന്ന് വ്യക്തമാണ്. ആയതിനാൽ 2018 ജൂൺ മാസം വരെയുള്ള വാടക കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കേണ്ടതാണ്. 2018-19 വർഷത്തെ ലെഡ്ജർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന വാടകക്കാർ നാളിതു വരെയും ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള വാടക കുടിശ്ശിക അടവാക്കിയിട്ടില്ല

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നം | മാസം | കുടിശ്ശിക |
|---|---|---|---|---|
| 1 | ഇബ്രാഹിം ഹാജി | 7/437 | ഒക്ടോബർ 17 | 5592 |
| | | | നവംബർ 17 | 5592 |
| | | | ഡിസംബർ 17 | 5592 |
| | | | ജനുവരി 18 | 5592 |
| | | | ഫെബ്രുവരി18 | 5592 |
| | | | മാർച്ച്18 | 5592 |
| | | | ഏപ്രിൽ18 | 5872 |
| | | | മെയ്18 | 5872 |
| | | | ജൂൺ18 | 5872 |
| ആകെ | | | | 51168 |
| 2 | പി എം ചാക്കോ | 7/438 | ഏപ്രിൽ17 | 485 |
| | | | മെയ്17 | 485 |
| | | | ജൂൺ17 | 485 |

| | | |
|---|---|---|
| | ജൂലൈ17 | 485 |
| | ആഗസ്റ്റ്17 | 485 |
| | സപ്തംബർ17 | 485 |
| | ഒക്ടോബർ 17 | 485 |
| | നവംബർ 17 | 485 |
| | ഡിസംബർ 17 | 485 |
| | ജനുവരി 18 | 485 |
| | ഫെബ്രുവരി18 | 485 |
| | മാർച്ച്18 | 485 |
| | ഏപ്രിൽ18 | 509 |
| | മെയ്18 | 509 |
| | ജൂൺ18 | 509 |
| ആകെ | | 7347 |

കുടിശ്ശിക ഈടാക്കാതിരുന്നതിന് വിശദീകരണം നൽകണം എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടി തൃപ്തികരമല്ല. മുറി ഒഴിയുന്നതുവരെ വാടക അടവാക്കാൻ ലേലം കൊണ്ടയാൾ ബാധ്യസ്ഥനായിരിക്കേ, വാടക ഈടാക്കാത്ത നടപടി അംഗീകരിക്കാനാവില്ല. മുകളിൽ ചേർത്ത വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-3 പഞ്ചായത്ത് ഹാൾ വാടകക്ക് നൽകിയത്-അപാകതകൾ

പഞ്ചായത്ത് ഹാൾ വാടകക്ക് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)പഞ്ചായത്ത് ഹാളിന് വാടക നിരക്ക് നിശ്ചയിച്ച് ബൈലോ തയാറാക്കിയിട്ടില്ല.

2)നിലവിൽ വാടക നിരക്ക് നിശ്ചയിച്ച് ഈടാക്കുന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

3)രാഷ്ട്രീയപ്പാർട്ടികളുടെ പരിപാടികൾക്ക് കുറഞ്ഞ നിരക്കിലാണ് വാടക ഈടാക്കിയിരിക്കുന്നത്

4)താഴെ പറയുന്ന പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക ഈടാക്കിയിട്ടില്ല

| ക്രമ നം | അപേക്ഷകന്റെ പേര് | തിയതി | സമയം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഇസ്മായിൽ കുറുമ്പയിൽ | 06/06/2017 | 4-5 മണി വരെ |
| 2 | സെക്രട്ടറി, കെ. എസ് കെ ടി യു | 26/07/2017 | 3.30-6മണി വരെ |
| 3 | ജനറൽ മാനേജർ, ബാലുശ്ശേരി കോ-ഒപറേറ്റീവ് ബാങ്ക് | 02/02/2018 | 3-4 മണി വരെ |
| 4 | അക്ഷയ് എസ് ബി | 14/02/2018 | 8-5 മണി വരെ |

ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് നൽകിയ മറുപടി കൃത്യമല്ല. പഞ്ചായത്ത് ഹാളിന് വാടക നിരക്ക് നിശ്ചയിച്ച് ബൈലോ തയാറാക്കേണ്ടതാണ്. വാടക ഈടാക്കാതെ പഞ്ചായത്ത് ഹാൾ വിട്ടുനൽകാനുള്ള കാരണം വ്യക്തമാക്കേണ്ടതും,ഇവരിൽ നിന്നും വാടക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ഡി & ഒ ലൈസൻസ് അപാകതകൾ

2017-18 ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഡി&ഒ അപേക്ഷകൾ,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സഞ്ചയപ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ 3397 എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 1093 വ്യാപാരികളിൽനിന്നും മാത്രമേ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളൂ.

2) 2017-18 തൊഴിൽ നികുതി ട്രേഡേഴ്സ് രജിസ്റ്റർപ്രകാരം 1192 വ്യാപാരികളിൽനിന്നുംനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ഡി&ഒ രജിസ്റ്റർ പ്രകാരം 1093 പേരിൽനിന്നുമാണ് ഫീ ഈടാക്കിയത്.

സഞ്ചയപ്രകാരമുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/ലൈസൻസ് ഫീസ് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വാണിജ്യാവശ്യങ്ങൾക്ക് നൽകുന്ന കെട്ടിടങ്ങളിൽ നിന്നും ലൈസൻസ് പിരിക്കുന്നതിന് വിവരശേഖരണം നടത്തി മേൽ നടപടികൾക്കായി സൂക്ഷിക്കേണ്ടതാണ്. അതു വഴി നികുതിവിധേയമാക്കേണ്ട സ്ഥാപനങ്ങൾ വിട്ടു പോകുന്നത് ഒഴിവാക്കാൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 തൊഴിൽനികുതി -അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ

നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

തൊഴിൽ നികുതി ചുമത്തുന്നതും ഈടാക്കുന്നതും സംബന്ധിച്ച നടപടിക്രമങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനങ്ങളിലെ മേധാവിയോട് തൊഴിലാളികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നികുതി നിശ്ചയിച്ച് ഈടാക്കുന്ന രീതി. (കേരള പഞ്ചായത്ത് രാജ് വകുപ്പ് 205(2)(3), 205 ബി,സി,ഡി)

സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് തൊഴിലുടമയോട് നികുതി നിശ്ചയിച്ച് ഈടാക്കി പഞ്ചായത്തിൽ അടയ്ക്കുന്നതിന് ആവശ്യപ്പെടുന്ന രീതി. (കേരള പഞ്ചായത്ത് രാജ് വകുപ്പ് 205(ഇ ) മുതൽ (കെ) വരെ)

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിന്റെ കണക്കുകൾ ആവശ്യപ്പെട്ട് നികുതി നിശ്ചയിച്ച് ബിൽ നൽകി അവരിൽ നിന്നും നേരിട്ട് നികുതി ഈടാക്കുന്ന രീതി (കേരള പഞ്ചായത്ത് രാജ് വകുപ്പ് 204, 205 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ )

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ , റിട്ടേണുകൾ, ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ പൂർണ്ണമല്ല. മുഴുവൻ ട്രേഡേഴ്സിന്റെയും പേര് രജിസ്റ്ററിൽചേർത്തിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,അനുബന്ധ ഫയലുകൾ എന്നിവ സൂപ്പർവെസിങ് ഓഫീസറായ ഹെഡ് ക്ലാർക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും ജീവനക്കാരുടെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 16 പ്രകാരം ഫോറം II ൽ വേതന വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നില്ല. ഉദാ: ചുവടെ ചേർക്കുന്നു

ദിയ ഡയഗ്നോസ്റ്ററിക്ക് സെന്റർ എന്ന സ്ഥാപനത്തിൽ 7 ജീവനക്കാർ തൊഴിൽ ചെയ്യുന്നതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നും റിട്ടേൺ ലഭ്യമാക്കുകയോ മുഴുവൻ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ ധാരാളം സ്ഥാപനങ്ങൾ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ലൈസൻസ് അപേക്ഷകളിൽ നിന്നും വ്യക്തമാണ്. ഫീൽഡ് അന്വേഷണം നടത്തിയതിൽ തൊഴിൽ നികുതി ഈടാക്കാവുന്ന നിരവധി സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നത്.

3. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല. ഇത് കാരണം എല്ലാ കച്ചവടസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയാത്തതു വഴി പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം ഉണ്ടാവുന്നു.

4. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

5. കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

17-18 സാമ്പത്തികവർഷം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 15 കരാറുകാർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവരിൽ നിന്നൊന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

6. സഞ്ചയപ്രകാരം 3397 വാണിജ്യകെട്ടിടങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 1123 വ്യാപാരികളിൽ നിന്ന് മാത്രമേ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ.

7. വാണിജ്യകെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയ കെട്ടിടഉടമകളിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. മേൽ അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-6 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2017-18സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് കത്തിക്കൽ | 339150 |

ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ 04/08/2017 ലെ 93/17 നമ്പർ തീരുമാനം പ്രകാരം, വസ്തു നികുതിയോടോപ്പം സേവന ഉപനികുതി ബാധകമാക്കാവുന്ന മേഖലകളിൽ ബാധകമാക്കി കൊണ്ട് നികുതി വർദ്ധിപ്പിക്കാൻ ഭരണ സമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.എന്നാൽ ഭരണ സമിതി ഇക്കാര്യത്തിൽ തീരുമാനം കൈ കൊണ്ടിട്ടില്ല. വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ അടുത്ത ഭരണ സമിതി മീറ്റിംഗിൽ തീരുമാനം കൈക്കൊള്ളുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടി സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതി നടപ്പിലാക്കുന്നതിന് 11 ലക്ഷം രൂപ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു - കരാറിൽ ഏർപ്പെടുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തില്ല.

പ്രോജക്ട് നം, പേര് : 158/17-18, വടക്കേടത്ത് കുടിവെള്ള പദ്ധതി

നിർവ്വഹണോദ്യഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

നിക്ഷേപിച്ച തുക : 11,10,000/- (എസ്.സി.പി)

ബിൽ നം : 40/15.02.18

വടക്കേടത്ത് പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഒന്നാം ഘട്ടമായി

കിണറും പമ്പ് ഹൗസും നിർമ്മിക്കാനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തത്. എസ്.സി ഡവലപ്പ്മെന്റ് ഓഫീസറിൽ നിന്നും ഇതിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുമുണ്ട്. പ്രവൃത്തിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കേരള ജല അതോറിറ്റി വകുപ്പ് ഗ്രാമപഞ്ചായത്തിന് നല്കിയതിനെ തുടർന്ന് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി തുക നിക്ഷേപിച്ചു. എന്നാൽ ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടില്ല. കേരള ജല അതോറിറ്റിയുടെ 28.01.2005 ലെ കെ.ഡബ്ല്യു.എ/ എച്ച്. ഒ /എഫ്.എം/ഡി.ഡബ്ല്യു/01 ഉത്തരവിൽ കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ നിക്ഷേപം സ്വീകരിക്കാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ പതിമൂന്നാം പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക നം. 8.3(17) പ്രകാരവും [ ജി.ഒ (എം.എസ്) നം. 72/2017 തീയതി 20.03.17] ൽ ഒരു നിർമ്മാണ പ്രവൃത്തിക്ക് കേരള ജല അതോറിറ്റിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നല്കിയ ശേഷം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതും ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതുമാണ്. എന്നാൽ ഈ നിബന്ധനകൾ ഗ്രാമപഞ്ചായത്ത് പാലിച്ചില്ല.

വടക്കേടത്ത് കുടിവെള്ള പദ്ധതിക്ക് വേണ്ടി ഭൂജല വകുപ്പ് ജില്ലാ കാര്യാലയത്തിൽ നിന്നും നടത്തിയ പര്യവേഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം തുറന്ന കിണർ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്നും കിണർ ചെങ്കല്ല് കെട്ടി ബലപ്പെടുത്തേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട് (കത്ത് നം. ജി.ഡബ്ല്യു/കെ.കെ.ഡി/ടി- 467/15 തീയതി : 17.03.15). എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 25.01.2018 ലെ ഡി -6 /258/18 നം കത്തിൽ കോൺക്രീറ്റ് കിണറും പമ്പ് ഹൗസും നിർമ്മിക്കാനാണ് എസ്റ്റിമേറ്റ് നൽകിയത്. പ്രസ്തുത കത്തിൽ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള ബാക്കി തുക വരും വർഷങ്ങളിൽ വകയിരുത്തുന്നതായിരിക്കും എന്ന പഞ്ചായത്ത് തീരുമാനം ലഭ്യമാക്കണമെന്നും ആവശ്യപ്പെടുന്നു. ഇതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അയച്ച മറുപടിക്കത്തിൽ ബാക്കി തുക 2018-19 വർഷത്തിൽ വകയിരുത്തുമെന്നും ജലഅതോറിറ്റിയെ അറിയിച്ചു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (1/24.10.18) മറുപടിയിൽ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഭൂജലവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം ചെങ്കല്ല് കൊണ്ടുള്ള വശങ്ങൾക്കാണ് ശുപാർശ ചെയ്തിരിക്കുന്നതെന്നും പ്രവൃത്തി ആരംഭിക്കാത്തതിനാൽ 2018-19 വർഷം തുക വകയിരുത്തിയിട്ടില്ലെന്നും കെ.ഡബ്ല്യു.എ യിൽ അന്വേഷിച്ചതിൽ അറിയാൻ കഴിഞ്ഞതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഇത് സംബന്ധിച്ച യാതൊരു രേഖയും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 35 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രവൃത്തിക്ക് ആകെ 14 കുടുംബങ്ങളാണ് ഗുണഭോക്താക്കളായുള്ളത്. പ്രസ്തുത വാർഡിലൂടെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നുപോകുന്നുണ്ടെന്നും എന്നാൽ കുടിവെള്ള പദ്ധതിയുടെ സമീപ പ്രദേശങ്ങളിലൂടെ കടന്നുപോകുന്നില്ലെന്നും അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പദ്ധതി പ്രദേശത്തിനു സമീപത്ത് മറ്റ് കുടിവെള്ള പദ്ധതികളുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവിനും മാർഗ്ഗരേഖയ്ക്കും വിരുദ്ധമായി പഞ്ചായത്ത്ഫണ്ട് മുൻകൂർ നിക്ഷേപിച്ചത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 കുടിവെള്ള പദ്ധതികൾ - വകയിരുത്തിയ തുക ചെലവഴിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികൾ പരിശോധിച്ചതിൽ, 3 കുടിവെള്ള പദ്ധതികളുടെ പ്രവൃത്തിക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും യാതൊരു തുകയും തൻവർഷം ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|---|
| 1. | 12/18 | താനിക്കുഴി കുടിവെള്ള പദ്ധതി | 60,585 | തനത് ഫണ്ട് |
| 2. | 148/18 | ഉവക്കാട് കുടിവെള്ള പദ്ധതി | 10,00,000 | എസ്.സി.പി 5,00,000 |

| | | | | |
|---|---|---|---|---|
| | | | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000 |
| 3. | 150/18 | തരിപ്പാക്കുനി മല കുടിവെള്ള പദ്ധതി | 34,600 | എസ്.സി.പി |

ഇത് സംബന്ധിച്ച് നൽകിയ 2/24.10.18 നം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ, പ്രദേശവാസികൾ ആവശ്യപ്പെട്ടതിനെ തുടർന്ന് താനിക്കുഴി കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാനാണ് പദ്ധതി ആവിഷ്കരിച്ചതെന്നും അതേസമയം പദ്ധതി നല്ല രീതിയിൽ പ്രവൃത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുന്നു. കൂടാതെ കമ്മിറ്റിക്കാർ തുടർ നടപടികളെടുക്കാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചെന്നും മറുപടിയിൽ സൂചിപ്പിക്കുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെപ്പറ്റിയോ ഉപേക്ഷിക്കുന്നതിനെപ്പറ്റിയോ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ യാതൊരു ചർച്ചയും നടന്നു കാണുന്നില്ല. നല്ല നിലയിൽ പ്രവൃത്തിക്കുന്ന ഒരു പദ്ധതിക്ക് മേൽ പറഞ്ഞ പ്രോജക്ട് ആവിഷ്കരിച്ചതെന്തിനാണെന്നും പദ്ധതി ഉപേക്ഷിക്കുന്നതിന് കമ്മിറ്റിക്കാർ കാരണമായതെങ്ങനെയെന്നും വ്യക്തമാക്കേണ്ടതാണ്.

പട്ടികയിലെ ക്രമ നം. 2 ആയുള്ള കുടിവെള്ള പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 5 ലക്ഷം രൂപ, സംയുക്ത പദ്ധതികൾക്കു വേണ്ടിയുള്ള ട്രഷറി അക്കൗണ്ടിൽ 15.03.2018ൽ വരവ് വെച്ചിട്ടുണ്ട് (അക്കൗണ്ട് നം. 799011400301637, സബ് ട്രഷറി, ബാലുശ്ശേരി). കിണർ നിർമ്മാണത്തിനായി തീരുമാനിച്ച സ്ഥലത്ത് ഭൂജലവകുപ്പിന്റെ അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് വകയിരുത്തിയതെന്ന് റിപ്പോർട്ട് ചെയ്യുന്നു. ഉദ്ദേശിച്ച സ്ഥലം സ്ഥലമുടമ പിന്നീട് ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിയില്ല. മറ്റൊരു സ്ഥലം ഇതിനായി നൽകിയെങ്കിലും പ്രസ്തുത സ്ഥലത്തിന് ഭൂജലവകുപ്പിന്റെ അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചില്ല. ഇപ്പോഴും സ്ഥലത്തിന്റെ കാര്യത്തിൽ വ്യക്തത വന്നിട്ടില്ലെന്നും ആയതിനാൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ സൂചിപ്പിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനു മുൻപ് പ്രോജക്ട് രൂപീകരിച്ചതിന് മറുപടി നൽകേണ്ടതും ഭൂജലവകുപ്പിന്റെ അനുയോജ്യതാ പത്രങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി ഉപേക്ഷിക്കുന്ന പക്ഷം ബ്ലോക്ക്പഞ്ചായത്ത് വിഹിതം തിരികെ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തരിപ്പാക്കുനി കുടിവെള്ള പദ്ധതിക്ക് തുക ചെലവഴിക്കാത്തതിനെ സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ, തൻവർഷം 10 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയിൽ കിണർ നിർമ്മാണം നടത്തിയ സ്ഥലവുമായി ബന്ധപ്പെട്ട് പരാതി നിലനിൽക്കുന്നതിനാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കഴിഞ്ഞില്ലെന്ന് വ്യക്തമാക്കുന്നു. കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള ഫീസിബിലിറ്റിയും എസ്റ്റിമേറ്റും 15.03.2018 ന് ലഭിച്ചതിനാൽ 2017-18 വർഷം പ്രസ്തുത പ്രോജക്ട് നിർവ്വഹണം നടത്താൻ സാധിച്ചില്ലെന്നും മറുപടിയിൽ സൂചിപ്പിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട പരാതിയും പ്രസ്തുത കിണർ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചാണോ നിർമ്മിച്ചതെന്നുള്ള വിവരവും കുഴൽകിണർ നിർമ്മാണത്തിന്റെ പുരോഗതിയും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ തരിപ്പാക്കുനിമല പദ്ധതിക്കു വേണ്ടി രണ്ടു തവണ ഭൂജല വകുപ്പിന് അനുയോജ്യതാ പരിശോധനയ്ക്ക് ഫീസ് അടവാക്കിയിട്ടുണ്ട്. ആയതിന്റെ ആവശ്യകതയും വ്യക്തമാക്കേണ്ടതാണ്.

## 3-3 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയൽ/രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പൊതു അപാകങ്ങൾ കാണുന്നു.

1. ടെണ്ടർ മുഖേന തെരെഞ്ഞെടുക്കപ്പെട്ട കരാറുകാരന് സെലക്ഷൻ നോട്ടിസ് നൽകുന്ന അവസരത്തിൽ തീയതി രേഖപ്പെടുത്തുന്നില്ല.

2. ടെണ്ടർ നൽകുന്ന അവസരത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറുകാർ പ്രാഥമിക കരാറിലേർപ്പെടുന്നില്ല.

കരാറുകാരന്റെ പേരിൽ വാങ്ങിയ മുദ്രപത്രം മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു.

3. മിക്ക പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രവൃത്തിയെക്കുറിച്ചുള്ള ശരിയായ വിവരണം തരുന്നില്ല.

4. അളവു പുസ്തകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പേരെഴുതുകയോ തീയതി വെച്ച ഒപ്പോ രേഖപ്പെടുത്തുന്നില്ല.

5. ടെണ്ടർ രജിസ്റ്ററിലെ 3,4,7,8,9 എന്നീ കോളങ്ങളിൽ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ സംബന്ധിച്ച്

പ്രോജക്ടിന്റെ നം, പേര് : 72/17-18 – 8,9,10 ക്ലാസ്സുകളിലെ എസ്.സി കുട്ടികൾക്ക് സൈക്കിൾ

അടങ്കൽ : 4,98,000/- (എസ്. സി. പി)

ചെലവ് : 4,16,539/- (എസ്. സി. പി)

ബിൽ നമ്പർ : 02/12.02.2018

നിർവ്വഹണോദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 8,9,10 എന്നീ ക്ലാസ്സുകളിലെ പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതാണ് പ്രോജക്ട്. ഇതിൻ പ്രകാരം 42 ആൺകുട്ടികൾക്കും 42 പെൺകുട്ടികൾക്കുമായി ആകെ 84 സൈക്കിൾ ഫിഡ്കോ എന്റർപ്രൈസസ്, ഒളവണ്ണ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഗുണഭോക്താക്കള്ക്ക് സൈക്കിൾ നൽകേണ്ടത്. എന്നാൽ സെക്രട്ടറി അംഗീകരിച്ച 94 പേരുടെ ലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥന് നൽകുകയും ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ പ്രത്യേക യോഗം വിളിച്ച് ചേർക്കുകയുമാണ് ചെയ്തത്. ലിസ്റ്റിൽ ഉൾപ്പെട്ട 10 കുട്ടികൾ രേഖകളൊന്നും ഹാജരാക്കിയതുമില്ല. പട്ടികജാതി /പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചില്ല എന്നതിന്റെ രേഖകളോ നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ ഫയലിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/24.10.2018) ന് നല്കിയ മറുപടിയിൽ രേഖകൾ ഓഡിറ്റിന് ഹാജാരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന് മറുപടി നൽകേണ്ടതും മറ്റ് സ്രോതസ്സുകളിൽ നിന്ന് ആനുകൂല്യം ലഭിച്ചില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-5 നെൽകൃഷിക്ക് കൂലിച്ചെലവ് - കൃഷിചെയ്ത ഭൂമിയുടെ വിസ്തീർണ്ണം സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ 18 ഹെക്ടർ ഭൂമിയിൽ നെൽകൃഷി നടത്തിയതിന് കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം 3,06,000 രൂപ കൂലിച്ചെലവിനത്തിൽ കർഷകർക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

പ്രോജക്ടിന്റെ നം, പേര് : 62/17-18 നെൽകൃഷിക്ക് കൂലിച്ചെലവ്

അടങ്കൽ & ചെലവ് : 3,06,000/- (വികസന ഫണ്ട് - 1,53,000/- + ബ്ലോക്ക് പഞ്ചായത്ത് വിഹിതം
- 76,500/- + ജില്ലാ പഞ്ചായത്ത് വിഹിതം - 76,500/-)

ബിൽ നമ്പർ : 06/30.01.2018

എന്നാൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ഭാഗത്ത് നെൽവയലുകളെക്കുറിച്ച് താഴെ പറയുന്ന കാര്യങ്ങൾ സൂചിപ്പിക്കുന്നു.

കൃഷി ചെയ്യുന്ന വിസ്തീർണ്ണം : 20 ഹെക്ടർ

കൃഷി യോഗ്യമാണെങ്കിലും ചെയ്യാത്തവ : 2 ഹെക്ടർ

കൃഷിയോഗ്യമല്ലാത്തത് : 2 ഹെക്ടർ

അതായത്, സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 16 ഹെക്ടർ ഭൂമി മാത്രമേ നെൽകൃഷിക്ക് ഉപയോഗിക്കുന്നുള്ളൂ. എന്നാൽ മേൽ പ്രോജക്ട് പ്രകാരം 18 ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനാണ് കർഷകർക്ക് കൂലിച്ചെലവിലേയ്ക്കുള്ള സബ്സിഡി തുക നല്കിയത്. സബ്സിഡി മാർഗ്ഗരേഖയിൽ [ജി.ഒ (എം.എസ്) നം. 80/2017 തീയതി : 03.04.2017] നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിനുള്ള (8 /2.10.2018) മറുപടിയിൽ പദ്ധതി നടപ്പിലാക്കുന്ന സമയത്തെ വിസ്തീർണ്ണത്തെ ആശ്രയിച്ചാണ് ആനുകൂല്യം നൽകുന്നതെന്നും വരും വർഷങ്ങളിൽ എം.എൻ.ആർ.ഇ. ജി.എസ് ന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുമെന്നും വ്യക്തമാക്കുന്നു. അറിയിച്ചു.

നിർവ്വഹണോദ്യോഗസ്ഥകൂടി നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കൃത്യമല്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത് (ഖണ്ഡിക നം. കൂടി കാണുക). ആയതിനാൽ സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതും വരും വർഷങ്ങളിൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതുമാണ്.

## **3-6** തെരുവു വിളക്ക് റിപ്പയർ - അപാകതകൾ

പ്രോജക്ട് - തെരുവു വിളക്ക് റിപ്പയർ (96/17 സ്പിൽ ഓവർ 2/18 )

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് – 199750 ബിൽ നം 5/17-18 4.8.17

പഞ്ചായത്ത് പ്രദേശത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് വേണ്ടിയാണ് മേൽ പ്രോജക്ട് രൂപീകരിച്ചത്. 2016-17 ലെ പ്രോജക്ട് പൂർത്തീകരണത്തിനായി 2017-18 വർഷത്തിലും പദ്ധതി തുടരുകയായിരുന്നു. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ടായി.

തെരുവു വിളക്ക് റിപ്പയറിങ്ങിനായി ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് കരാറുകാരാണ് പങ്കെടുത്തത്. ആയതിൽ ഓരോയിനം ലൈറ്റുകളുടെയും നിരക്ക് രേഖപ്പെടുത്തിയ ദിവാകരൻ, സി.പി ബിജു എന്നിവരുടെ ടെണ്ടർ അംഗീകരിച്ചിട്ടില്ല. നിരക്കുകളൊന്നും രേഖപ്പെടുത്താതെ പേരും വിലാസവും രേഖപ്പെടുത്തിയ ഒ പി ബാലൻ എന്നയാളുടെ ടെണ്ടറാണ് അംഗീകരിച്ചത്. ടെണ്ടർ ഫോമിൽ നിരക്കുകൾ രേഖപ്പെടുത്തുകയോ പ്രത്യേകം ചേർത്തതായി രേഖപ്പടുത്തുകയോ ചെയ്തിട്ടില്ല. ടെണ്ടർ ഫോമിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടർ സ്വീകരിച്ചതായോ നിരസിച്ചതായോ രേഖപ്പെടുത്തിയില്ല. ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റില്ല. പ്രിലിമിനറി എഗ്രിമെന്റ് എന്ന പേരിൽ 200 രൂപയുടെ ഒന്നും എഴുതാത്ത മുദ്രപ്പത്രങ്ങൾ മാത്രമാണ് വച്ചത്. സെലക്ഷൻ നോട്ടീസ് അയക്കുകയോ പ്രവർത്തിക്ക് കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല. പ്രോക്യൂർമെന്റ് കമ്മറ്റി മിനുട്സ് 2015-16 മുതൽ ഇത്തരത്തിലൊരു പ്രൊക്യൂർമെന്റ് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. മിനുട്സിൽ പേജുകൾ ഒഴിച്ചിട്ടതായും കാണുന്നു.

വാർഡ് മെമ്പർമാർ ആകെ 341 ലൈറ്റുകൾ നന്നാക്കിയതായി അറിയിച്ചിട്ടുണ്ട്. കരാറുകാരന് 199750

രൂപ നൽകിയിട്ടുണ്ട്. എന്നാൽ എത്ര വിളക്കുകൾ നന്നാക്കി എന്നോ ആയതിന് ഓരോന്നിനും എത്ര രൂപ നിരക്കിലാണ് തുക കണക്കാക്കാവുന്നതെന്ന കരാറുകാരന്റെ ക്ലെയിം/ബിൽ കരാറുകാരൻ നൽകിയിട്ടില്ല. ടെണ്ടർ, എഗ്രിമെന്റ് രജിസ്റ്ററുകൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ജി2/44274/15 ഉത്തരവു പ്രകാരം അടാട്ട് മാതൃകയിലുള്ള തെരുവു വിളക്ക് അറ്റകുറ്റപ്പണിക്ക് തെരുവു വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ സ്വീകരിക്കലും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറെ നിശ്ചയിക്കേണ്ടതാണ്. പരാതികൾ രജിസ്റ്റർ ചെയ്യേണ്ടതും മെയിന്റനൻസ് ടീമിന് (കരാറുകാരന്) കൈമാറേണ്ടതുമാണ്. പരാതി പരിഹരിച്ചത് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അറ്റകുറ്റപ്പണികൾ സംബന്ധിച്ച് കെഎസ്ഇബി അധികൃതരെ അറിയിക്കേണ്ടതും രേഖാമൂലമായി അനുവാദം ലഭ്യമാക്കേണ്ടതുമാണ്. പുതിയ ഉപകരണങ്ങൾ വാങ്ങുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സർവീസ് ചെയ്യാൻ സാധിക്കാത്ത ഉപകരണങ്ങൾ തിരികെ അൺസർവീസബിൾ സ്റ്റോക്ക് ആയി ഉൾപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം ആയത് ക്രമീകരിക്കേണ്ടതുമാണ്. മേൽ പ്രോജക്ടിന്റെ നടത്തിപ്പിൽ മേൽ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 199750 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് രേഖകൾ ഫയലിൽ വിട്ടു പോയതാണെന്ന മറുപടിയാണ് നൽകിയത്. വലിയ തുക ചെലവഴിച്ച് നടപ്പാക്കുന്ന പ്രൊജക്ടുകളുടെ രേഖകൾ സൂക്ഷിക്കുന്നതിലും ആയവ വിലയിരുത്തലുകൾക്ക് വിധേയമാക്കേണ്ടതിനും അർഹമായ ഗൗരവം നൽകേണ്ടതാണ്. ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച അപാകതകൾക്ക് വസ്തുനിഷ്ഠമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കിയില്ല – വാടകയിനത്തിൽ ഭാരിച്ച നഷ്ടം.

1993 മുതൽ താമരശ്ശേരി - കൊയിലാണ്ടി റോഡിനു സമീപം വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ബാലുശ്ശേരി ഗവൺമെന്റ് എൽ.പി സ്കൂൾ കെട്ടിടം നിലവിൽ ഗ്രാമപഞ്ചായത്തിന് സമീപത്ത് ശ്രീ. സെയ്ത് മുഹമ്മദ് എന്നവരുടെ ഉടമസ്ഥതയിലുള്ള വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 01.01.2005 മുതൽ കെട്ടിടത്തിന്റെ വാടക പ്രതിമാസം 14,034 രൂപയായും 24.06.2014 മുതൽ 32,227 രൂപയായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവു പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം 1,93,362 രൂപ വാടക നൽകി (പ്രോജക്ട് നം. 77/18). വർദ്ധിപ്പിച്ചനിരക്കിന്റെ ഉത്തരവ് 06.03.17 (മുൻകാല പ്രാബല്യത്തോടെ) ആയതിനാൽ ഈ ഇനത്തിൽ വൻ തുക കുടിശ്ശികയായി നൽകാൻ ബാക്കിയുണ്ട്. വാടക രജിസ്റ്റർ, ബന്ധപ്പെട്ട ഫയൽ എന്നിവ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കാത്തതിനാൽ കുടിശ്ശികയിനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിരുന്ന പ്രോജക്ട് കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഹെഡ്മാസ്റ്ററാണ് നടത്തിവരുന്നത്. ബാലുശ്ശേരി ഗവൺമെന്റ് എൽ. പി സ്കൂൾ പ്രവർത്തനം ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം., ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് കൈകാര്യം ചെയ്ത് വരുന്ന ഫയൽ, വാടക രജിസ്റ്റർ, കുടിശ്ശിക സംബന്ധിച്ച വിവരം, വാടകകകാരനുമായി ഗ്രാമപഞ്ചായത്ത് ചമച്ച കരാർ, . ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.10.13 ലെ കത്തിനുള്ള മറുപടിയുടെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഹെഡ്മാസ്റ്റർ സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ, സ്കൂളിന്റെ പ്രവർത്തനം ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി കോമ്പൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അനുമതിക്കായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഒരു നിവേദനം വിദ്യാഭ്യാസ മന്ത്രിക്ക് സമർപ്പിച്ചതായി കണ്ടു. വിദ്യാഭ്യാസ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള ഇടപെടലിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ 13.06.2013 ന് ജി1/21124/12നമ്പറായി ഒരു നടപടി ഉത്തരവ് പുറപ്പെടുവിച്ചു. ആയതിലെ പ്രതിപാദ്യ വിഷയം താഴെ കൊടുക്കുന്നു.

" വിഷയത്തിൽ ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകരുടെയും ഉപജില്ലാ ഓഫീസറുടെയും അഭിപ്രായം തേടി.

ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പക്ഷം എൽ.പി സ്കൂൾ പ്രവർത്തനം ബാലുശ്ശേരി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റാവുന്നതാണെന്ന് ബാലുശ്ശേരി ഉപജില്ലാ ഓഫീസറും ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രധാനാദ്ധ്യാപകനും ശുപാർശ ചെയ്തിട്ടുണ്ട്. സ്കൂൾ പ്രവർത്തനം ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റുന്നതിന് സ്കൂൾ പി.ടി.എ യ്ക്ക് സമ്മതമാണെന്ന് ഗവൺമെന്റ് എൽ.പി സ്കൂൾ അദ്ധ്യാപകനും അറിയിച്ചിട്ടുണ്ട്.

ഈയൊരു സാഹചര്യത്തിൽ മേൽപറഞ്ഞ വസ്തുതകൾ പരിഗണിച്ചുകൊണ്ട് ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന പക്ഷം എൽ. പി സ്കൂൾ പ്രവർത്തനം ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റുന്നതിന് അനുമതി നൽകുന്നു. "

ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ സൂചിപ്പിക്കുന്നുണ്ട്. തുടർന്ന്, ബാലുശ്ശേരി ഗവൺമെന്റ് എൽ. പി സ്കൂൾ പ്രവർത്തനം ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റിയോ എന്നുള്ള വിവരം റിപ്പോർട്ട് ചെയ്യാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടു (07.10.13 ലെ ബി-4/4284/12 നം കത്ത്). തൻവർഷം ഒരു യോഗം പോലും നടക്കാത്തതിനാൽ തന്നെ വർക്കിംഗ് ഗ്രൂപ്പിൽ (വിദ്യാഭ്യാസ) ഈ കാര്യത്തെക്കുറിച്ച് യാതൊരു ചർച്ചയും നടന്നില്ല. ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ഇതു സംബന്ധിച്ച ചർച്ചയോ തീരുമാനങ്ങളോ കൈക്കൊണ്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ക്കുറിപ്പിനുള്ള (നം.10/24.10.2018) മറുപടിയിൽ, ഇതു സംബന്ധിച്ച ചർച്ചകൾ നടന്നിട്ടുണ്ടെന്നും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം എൽ. പി സ്കൂൾ പ്രവർത്തനം ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റുന്നതിന് കഴിഞ്ഞില്ലെന്നും ഈ വിവരം ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തു.
വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളിലും മേൽക്കാര്യത്തിന് പ്രാധാന്യം നല്കേണ്ടതും സ്കൂൾ പ്രവർത്തനം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 3-8 മൃഗസംരക്ഷണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

തൻവർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ ഏതാനും പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ചെലവ് | ബിൽ നം | റിമാർക്സ് |
|---|---|---|---|---|
| 1. | 93/18,പെണ്ണാട് വിതരണം, എസ്. സി | 3,21,000 | -- | പ്രോജക്ട് റിപ്പോർട്ട് പ്രകാരം 27 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണുദ്ദേശിച്ചത്. സെക്രട്ടറി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 77 പേർ ഉൾപ്പെട്ടിട്ടുണ്ടെങ്കി ലും 22 ഗുണഭോക്താക്കൾ മാത്രമേ ആവശ്യക്കാരായി ഉണ്ടായിരുന്നുള്ളൂ. |

| | | | | |
|---|---|---|---|---|
| | | | | |
| 2. | 111/18, കുന്നക്കൊടി വെറ്റിനറി ഡിസ്പെ ൻസറിയിലേക്ക് മരു ന്ന് വാങ്ങൽ | 2,00,000 | 16/30.1.18 | പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ വെറ്റിനറി സർജന്റെ പേരിലുള്ള താഴെ പറയുന്ന 3 ചെക്കുകൾ ബാങ്ക് അക്കൗണ്ടിൽ വരവ് വെക്കാതെ കാണുന്നു. ആയതിന് മറുപടി നൽകേ ണ്ടതാണ്.<br>a) നം.514857 തീ.17.1.18- 8,000/-<br>b) നം.502644 തീ. 13.10.17- 2,000/-<br>c) നം.502643 തീ.13.10.17-2,000/- |

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് (മൃഗസംരക്ഷണം) പരിശോധിച്ചതിൽ 27.02.2018, 06.03.2018 എന്നീ തീയതികളിൽ നടന്ന യോഗങ്ങളിലെ തീരുമാന പ്രകാരം കാലാകാലങ്ങളിൽ നടപ്പാക്കി വരുന്ന പദ്ധതികൾക്കൊപ്പം പ്രാധാന്യം പുതിയ പദ്ധതികൾക്കും നൽകണമെന്നും തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കണമെന്നും തീരുമാനിച്ചു. വികസന രേഖയുടെ അദ്ധ്യായം -3 ൽ കാലിത്തീറ്റയുടെ വില വർദ്ധനവും തീറ്റപ്പുൽകൃഷിയുടെ കുറവും ക്ഷീരമേഖലയെ തകർത്തിട്ടുണ്ടെന്നും സൂചിപ്പിക്കുന്നു. എല്ലാ വർഷങ്ങളിലും തുടർച്ചയായി നടത്തിവരുന്നതുകൊണ്ട് ആട്ടുവളർത്തൽ പോലുള്ള പദ്ധതികൾക്ക് നിലവിൽ മുഴുവൻ ഗുണഭോക്താക്കളെയും ലഭിക്കാത്ത സാഹചര്യമുണ്ടെന്നും ഇതിനു പകരം മറ്റ് പദ്ധതികൾ പരിഗണിക്കേണ്ടതുണ്ടെന്നും 15.01.2018 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം തീരുമാനിച്ചു. എന്നാൽ മറ്റ് നൂതന പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചില്ല. പകരം സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിൽ തുടർച്ചയായി ആട്ടുവിതരണം പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്. മേൽ പട്ടികയിലെ ക്രമ നം.1 ൽ സൂചിപ്പിച്ചതുപോലെ ആട്ടുവിതരണം പദ്ധതിക്ക് ആവശ്യമായ എണ്ണം ഗുണഭോക്താക്കളെ ലഭിച്ചതുമില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14 /2.10.2018) നൽകിയ മറുപടിയിൽ പെണ്ണാട് വിതരണം (എസ്.സി) തുടർച്ചയായി നടപ്പിലാക്കി വരുന്ന പ്രോജക്റ്റ് ആയതുകൊണ്ട് പുതിയ ഗുണഭോക്താക്കളെ ആവശ്യത്തിന് ലഭിച്ചില്ലെന്നും അർഹമായ ചിലർ ഗുണഭോക്തൃ വിഹിതം അടക്കാൻ

തയ്യാറായില്ലെന്നും സൂചിപ്പിക്കുന്നു. കൂടാതെ തീറ്റപുൽകൃഷിക്കുള്ള വിത്തുകൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കുന്നുണ്ടെന്നും അറിയിച്ചു.

മേൽ സാഹചര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം പ്രോജക്ട് രൂപീകരണത്തിൽ പരിഗണിച്ച്, കാലാകാലങ്ങളിൽ നടപ്പാക്കി വരുന്ന പദ്ധതികൾക്കൊപ്പം പ്രാധാന്യം പുതിയ പദ്ധതികൾക്കും നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ ശമ്പളവർദ്ധനവിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ 2017-18 വർഷത്തിൽ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശിക അനുവദിച്ച എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം - പഞ്ചായത്ത് തീരുമാനം നടപ്പാക്കിയില്ല

പ്രോജക്ട് - 64/18 പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 72000 തനത് ഫണ്ട്

ചെലവ് - 59760

ഗ്രാമപഞ്ചായത്തിന്റെ പ്രധാന അങ്ങാടിയിലും പരിസര പ്രദേശങ്ങളിലുമുള്ള കടകളിലേയും വീടുകളിലേയും പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിലെത്തിക്കുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്.

മാലിന്യം നീക്കുന്ന രണ്ടു പേർക്ക് പ്രതിമാസം 3000 രൂപ വീതം വേതനം നല്കുന്നതിനും ഗ്രാമപഞ്ചായത്ത് വാഹനം ലഭ്യമല്ലാത്ത അവസരങ്ങളിൽ വാഹനം വാടകയ്ക്കെടുക്കുന്നതിനുമാണ് മേൽ തുക ചെലവഴിച്ചത്. ആയതിനായി പ്രോജക്ട് ആരംഭിക്കുന്നതിനു മുമ്പ് തനത് ഫണ്ടിൽ നിന്ന് നേരിട്ടും തുക ചെലവഴിച്ചിട്ടുണ്ട്.

മൂന്നു മാസം കൂടുമ്പോൾ വീടുകളിൽ നിന്നും 50 രൂപ വീതവും കടകളിൽ നിന്ന് 100 മുതൽ 250 രൂപ വരെയും ഗുണഭോക്തൃ വിഹിതമായി മാലിന്യ സംസ്കരണത്തിനായി ഈടാക്കണമെന്ന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ( 12.10.17 ലെ ഒന്നാം നമ്പർ തീരുമാനം) എന്നാൽ ഇത്തരത്തിലൊരു ഫീസ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയിട്ടില്ല. കൂടാതെ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപങ്ങൾക്കെതിരെ കർശന നടപടിയെടുക്കേണ്ടതാണെങ്കിലും പഞ്ചായത്ത് ഓഫീസിനു മുന്നിൽ തന്നെ വലിയ തോതിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണുന്നു. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ നിർമ്മാർജ്ജനം ചെയ്യേണ്ടതും ആയതിലേയ്ക്ക് പഞ്ചായത്ത് തീരുമാനം നടപ്പിലാക്കേണ്ടതുമാണ്.

## 3-11 വാങ്ങൽ നടപടിക്രമം പാലിക്കാത്തത്

പ്രോക്യൂർമെന്റ് പ്ലാനും ബഡ്ജറ്റുമില്ലാതെ പല നിരക്കിലും രീതിയിലുമാണ് ഗ്രാമപഞ്ചായത്ത് വാങ്ങലുകൾ നടത്തുന്നത് . മേൽ നടപടി ക്രമപ്രകാരമല്ല. വർഷാരംഭത്തിൽ തന്നെ വർഷത്തെ ആകെ ആവശ്യകത നിർണ്ണയിച്ച് ആയതിനുള്ള ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും നിർണ്ണയിച്ച് സുതാര്യമായ വാങ്ങലുകൾ നടത്തുന്നില്ല. ഒരേയിനം സാധനങ്ങൾ വാങ്ങുന്നതിന് വിവിധ ടെണ്ടറുകൾ/ക്വട്ടേഷനുകൾ ക്ഷണിക്കുന്നതായും വിവിധ നിരക്കിൽ വ്യത്യസ്ത കമ്പനികളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതായും കാണുന്നു. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ വാങ്ങലുകളിൽ കമ്മറ്റി ഫലപ്രദമായി ഇടപെടുന്നില്ല. മേൽക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വാങ്ങൽ നടപടി ക്രമങ്ങൾ സുതാര്യവും ഫലപ്രദവുമാക്കാനും ആയതിൽ പ്രോക്യൂർമെന്റ് കമ്മറ്റിയുടെ പങ്കാളിത്തം ഉറപ്പു വരുത്താനും സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-12 ജീവിത ശൈലി രോഗ നിർണയം - ലക്ഷ്യവും നേട്ടവും വ്യക്തമാക്കിയില്ല

പ്രോജക്ട് 157/18 ജീവിത ശൈലി രോഗ പരിശോധന -വനിത

നിർവ്വഹണം - മെഡിക്കൽ ഓഫീസർ(പിഎച്ച്സി)

അടങ്കൽ - 50000/- വികസന ഫണ്ട്

ചെലവ് - 37717/- ബിൽ 9/17-18 28.3.18

12283/- ബിൽ 11/17-18 28.3.18

50000

വനിതകളുടെ ജീവിതശൈലീ രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള പരിശോധനയ്ക്കാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ പ്രോജക്ട് രേഖകളിൽ പ്രോജക്ട് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നോ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നോ ആയത് കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങളെന്താണെന്നോ പ്രതിപാദിച്ചിട്ടില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ ക്യാമ്പുകളിൽ വന്നവർക്ക് ഭക്ഷണം വാങ്ങി നൽകുന്നതിനും (21295/- രൂപ) ക്യാമ്പുകളിലേക്ക് ജീവനക്കാരെ കൊണ്ടു പോകുന്നതിനുള്ള വണ്ടി വാടകയുമാണ് പ്രോജക്ട് പ്രകാരമുള്ള പ്രധാന ചെലവ്. (12600). ബിപി അപ്പാരറ്റസ് സ്റ്റെതസ്കോപ്പ്, ത്രാസ്, സ്റ്റാച്ചർ മീറ്റർ എന്നിവ വാങ്ങാൻ 12283/- രൂപയും സ്റ്റേഷനറി വാങ്ങുന്നതിന്3822/- രൂപയും ചെലവഴിച്ചു.

ജനുവരി, ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ഏതാണ്ട് 18 ദിവസത്തോളം വിവിധ ക്യാമ്പുകൾ നടത്തിയതായി കാണുന്നു. ഏതൊക്കെ പരിശോധനകളാണ് നടത്തിയതെന്നോ എത്ര പേരിൽ രോഗങ്ങൾ കണ്ടെത്തിയെന്നോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കൂടുതലായി കണ്ടു വരുന്ന രോഗമേതെന്ന് തിരിച്ചറിഞ്ഞ് അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയോ ആയതിനനുസരിച്ചുള്ള പ്രോജക്ട് നിർദ്ദേശങ്ങളുണ്ടാവുകയോ ചെയ്തിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് ഉപയോഗിച്ച് പ്രോജക്ടിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഗ്ലൂക്കോമീറ്റർ ഉപയോഗിച്ചുള്ള പ്രമേഹ പരിശോധനയും ബി.പി. അപ്പാരറ്റസ് ഉപയോഗിച്ചുള്ള രക്തസമ്മർദ്ദപരിശോധനയുമാണ് നടത്തിയതെന്ന് അറിയിച്ചു. പടർന്നു പിടിക്കുന്ന സാംക്രമിക രോഗങ്ങൾക്ക് തടയിടുന്നതിനുള്ള നടപടികളാണ് പഞ്ചായത്ത് സ്വീകരിക്കേണ്ടതെന്നിരിക്കെ ഇത്തരം ലഘുവായ പരിശോധനകൾ നടത്താൻ ധനവും സമയവും ചെലവഴിച്ചത് നീതിയുക്തമല്ല. മാത്രമല്ല വളരെ ചെറിയ പങ്കാളിത്തം മാത്രമാണ് ഇക്കാര്യത്തിലുണ്ടായതെന്നിരിക്കെ പ്രൊജക്ട് ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. മാത്രമല്ല പ്രൊജക്ടിനായി വാങ്ങിയ ബി.പി. അപ്പാരറ്റസ് സ്റ്റെതസ്കോപ്പ് എന്നിവ എന്ത് ചെയ്തുവെന്നും വ്യക്തമല്ല. ലക്ഷ്യബോധമില്ലാതെ പദ്ധതിപ്പണം ചെലവു കാണിക്കാൻ മാത്രം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-13 ദൈനംദിന ജോലിയുടെ ഭാഗമായ യാത്രയ്ക്ക് വാഹന വാടക നല്കുന്നു

പ്രോജക്ട് നം -177/18 രോഗപ്രതിരോധ പരിപാടി

അടങ്കൽ -50,000/-

ചെലവ് - 50000/- 7948012/31.3.18

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(പി എച്ച് സി)

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും വിവിധ സബ് സെന്ററുകളിലേക്ക് പ്രതിരോധകുത്തിവെപ്പ് നടത്തുന്നതിനും പഞ്ചായത്തിലെ ഹോട്ടലുകൾ, കൂൾബാറുകൾ ബേക്കറി എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന നടത്തുന്നതിനും വാഹന വാടക ഇനത്തിൽ തുക നൽകുന്നതിനാണ് മേൽ പദ്ധതി നടപ്പാക്കിയത്.

9.12.2003 ലെ സ ഉ (പി)254/2003/H&FWD ഉത്തരവിലൂടെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ജീവനക്കാരുടെ (എച്ച് ഐ,ജെ എച്ച് ഐ)പ്രവർത്തനങ്ങൾ എന്തല്ലാമാണെന്ന് സർക്കാർ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടത് ജീവനക്കാരുടെ ദൈനംദിന ജോലിയിൽപ്പെട്ടതാണ്. ആയതിനായി ശമ്പളത്തോടൊപ്പം പി. സി. എ കൈപ്പറ്റുന്ന ജീവനക്കാർക്ക് വണ്ടി വാടക ഇനത്തിൽ തുക നൽകിയത് ക്രമപ്രകാരമല്ല.

7200/- രൂപ കടകളിലും മറ്റും ശുചിത്വ പരിശോധന നടത്തുന്നതിന് വാഹനം വാടകയ്ക്കെടുത്തതിന്റെ ചെലവാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശുചിത്വ പരിശോധനയ്ക്ക് വേണ്ടിയുള്ള പ്രത്യേക കമ്പയിനിനാണ് വണ്ടി വാടക നൽകിയതെന്നാണ് വിശദീകരണം നൽകിയത്. ദൈനംദിന ജോലിയുടെ ഭാഗമായി ചെയ്യേണ്ട പ്രവൃത്തികൾക്ക് പ്രത്യേക കാമ്പയിൻ നടത്തിയത് അംഗീകരിക്കത്തക്കതല്ല. ശമ്പളത്തോടൊപ്പം പി. സി. എ കൈപ്പറ്റുന്ന ജീവനക്കാർക്ക് വണ്ടി വാടക നൽകിയിട്ടുണ്ട്. 7200/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-14 കുടിവെള്ള പദ്ധതി നടത്തിപ്പ് പരിപാലന കമ്മറ്റിയെ എൽപ്പിച്ചില്ല

പഞ്ചായത്ത് ഓഫീസ് പരിസരത്ത് കടകളിലും വീടുകളിലും കുടിവെള്ള വിതരണം നടത്തുന്നത് മഞ്ഞപ്പാലം കുടിവെള്ള പദ്ധതിയിൽ നിന്നാണ്. എന്നാൽ നാളിതു വരെ മേൽ പദ്ധതി പരിപാലന കമ്മറ്റിയെ ഏൽപ്പിച്ചിട്ടില്ല. പമ്പ് ഓപ്പറേറ്ററുടെ വേതനവും ഇലക്ട്രിസിറ്റി ബില്ലും നൽകുന്നത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ്. പ്രതിമാസം ശരാശരി 40000 രൂപയോളം ആയതിലേക്കായി ചെലവഴിക്കുന്നുണ്ട്. ആയതു വഴി വലിയ സാമ്പത്തിക ബാദ്ധ്യതയാണ് പഞ്ചായത്തിന് ഉണ്ടാകുന്നത്. മേൽ ചെലവിലേക്കായി ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുക്കുന്നുണ്ടെന്ന് എക്സിറ്റ് മീറ്റിങ്ങിൽ ഭരണസമിതി അറിയിച്ചു. പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ 140766 രൂപ ഓഡിറ്റ് വർഷം പിരിച്ചെടുത്തതായി കാണുന്നുണ്ട്. പദ്ധതിയുടെ മുഴുവൻ ഗുണഭോക്താക്കളെയുമുൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി വരവിന് ഡിമാന്റ് തയ്യാറാക്കിയിട്ടില്ല. പിരിച്ചെടുത്ത തുക തന്നെ ഡിമാന്റ് ആയി കാണിക്കുകയാണ് ചെയ്തത്. ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കേണ്ട തുക നിശ്ചയിച്ചതെങ്ങിനെയെന്നും പിരിച്ചെടുക്കുന്ന രീതിയെന്താണെന്നും വ്യക്തമാക്കിയിട്ടില്ല. 5 ലക്ഷം രൂപയിലധികം (അറ്റകുറ്റപ്പണി മറ്റു ചെലവുകളുൾപ്പെടാതെ) കുടിവെള്ള വിതരണത്തിനു മാത്രം ചെലവഴിക്കുന്ന പദ്ധതിക്ക് 140766/- രൂപ മാത്രം പിരിച്ചെടുത്തതിന്റെ ആധികാരികത വ്യക്തമല്ല. പിരിവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഗാർഹികാവശ്യത്തിന് 50/- രൂപയും വാണിജ്യ ആവശ്യത്തിന് 300/- രൂപയും ഈടാക്കുന്നുണ്ടെന്ന് അറിയിച്ചെങ്കിലും ഇത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയില്ല. പിരിവ് വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 3-15 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

2017-18 ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെലൈഫ് പദ്ധതിയുടെ ഭാഗമായി താഴെ പറയും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

പ്രൊജക്ട് നം-171/17-18

അടങ്കൽ-2557400

ചെലവ് തുക-1410666

ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

| ഗുണഭോക്താക്കൾ | അനുവദിച്ച തുക | കൈപറ്റിയ ഗഡു | അവസാന ഗഡുകൈപറ്റിയ തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| സരസ | 390666 | 40000 | 27-12-17 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| ബിജില | 380000 | 50000 | 23-2-18 | ചുമർ |
| ദേവകി | 346666 | 40000 | 13-3-18 | തറ തീർന്നു |
| ഉഷാഭായ് | 353333 | 100000 | 28-3-18 | ചുമർ |
| പുതിയര | 358666 | 31000(മുൻവർഷങ്ങളിൽ) | 31-3-2006 | ചുമർ |

നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾസ്വീകരിക്കേണ്ടതാണ്

## 3-16 മേൽക്കുര മാറ്റൽ .നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട്നം 169/17-18

അടങ്കൽ തുക 1700000

ചെലവ് തുക 1537309

പ്രൊജക്ട്നം 170/17-18 (scp)

അടങ്കൽ തുക 1275000

ചെലവ് തുക 1087500

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവഹണം ചെയ്ത പ്രൊജക്ടിന്റെ ഭാഗമായി മേൽസൂചിപ്പിച്ച പ്രകാരമുള്ള ചെലവ് വന്നിട്ടുണ്ട്. ഇതിൽ ജനറൽ വിഭാഗത്തിൽ 34 പേർക്ക് തുക നൽകിയതിൽ 3പേർ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്, എസ്.സി.പി വിഭാഗത്തിൽ 16പേരിൽ ഒരു ഗുണഭോക്താവും നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

ജനറൽ വിഭാഗം

1. വേണുഗോപാലൻ , 25000
2. രാധ ,25000
3. ചിരുത,25000

എസ്സ്.സി.പി വിഭാഗം

1. വേലായുധൻ, 25000

നിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 76500 | നെൽക്യഷിക്ക് കൂലിച്ചെലവ് | 76500 | 0 |
| | | 40000 | മിൽക്ക് ഇൻസന്റീവ് | 40000 | 0 |
| | | 200000 | ക്ഷീരഗ്രാമം | 180000 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് | | 76500 | നെൽക്യഷിക്ക് കൂലിച്ചെലവ് | 76500 | 0 |
| | | 250000 | വികലാംഗർക്ക് സ്കോളർഷിപ്പ് | 108000 | 142000 |
| | | 500000 | തുവ്വക്കാട്ട് കുടിവെള്ള പദ്ധതി | 0 | 500000 |
| | | 300000 | മിൽക്ക് ഇൻസന്റീവ് | 300000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | വടക്കേടത്ത് കുടിവെള്ള പദ്ധതി | 21701297 | 1110000 | - | 1110000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല . ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.നം .533/16/ എൽ.എസ്.ജി.ഡി തി 18.2.11 | ഇല്ല | 2347866 | 1345000 | - | 1002866 |

വാർഷിക കണക്ക പ്രകാരമുള്ള തുകയാണ് മേൽക്കൊടുത്തിട്ടുള്ളത്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലോൺ രജിസ്റ്റർ പ്രകാരം വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 2272866 രൂപയും വർഷാവസാനം തിരിച്ചടയ്ക്കാനുള്ള തുക 927866/- രൂപയുമാണ്. അപാകത വാർഷിക കണക്കുകളുടെ പരിശോധനയിൽ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 30,25,784 |
| തൻവർഷം നിക്ഷേപിച്ച തുക | 2,42,726 |
| ആകെ | 32,68,510 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 7,34,218 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,34,292 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| സ്ഥാപനത്തിന്റെ പേര് | രശീതി നം | തുക |
|---|---|---|
| കോഴിക്കോട് ജില്ല സഹകരണ ബാങ്ക്, ബാലുശ്ശേരി | 100121806120021 | 5,45,368 |
| റീജിയണൽ സഹകരണ ബാങ്ക് | 120154 | 13,42,361 |

| | | |
|---|---|---|
| അർബൻ കേ.ഓപ്പറേറ്റീവ്, ബാങ്ക് | 100391806120011 | 6,43,573 |
| കോഴിക്കോട് സഹകരണ ആശുപത്രി (ഷെയർ) | 2910/4.8.1988 | 2,500 |
| മലപ്പുറം സ്പിനിങ്ങ് മിൽ (ഷെയർ) | സർട്ടിഫിക്കറ്റ് ലഭ്യമല്ല | 500 |
| ആകെ | | 25,34,292 |

പഞ്ചായത്ത് സൂക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം വാർഷിക കണക്കായി 10 രൂപയുടെ വ്യത്യാസം കാണുന്നു. ആയത് പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 13700 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-11 | 6800 | വിജയൻ | 117010109331 |
| 2011-12 | 2(B)CAG | 2300 | ശാന്തി ഡെന്റൽ ക്ലിനിക്ക് | 117010109493 |
| 2012-13 | 2(B)CAG | 1400 | സോണി ഡെന്റൽ ക്ലിനിക്ക് | 117010109673 |
| 2012-13 | 2(B)CAG | 2500 | ജി ടെക് കമ്പ്യൂട്ടേഴ്സ് | 117010109822 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00, 30(5) | 2003-04, 3-11(10) | റോഡ് അറ്റകുറ്റപണി അധിക ചെലവ് | തടസ്സം തുടരുന്നു |
| 1999-00, (33) | 2003-04, 3-11-13(5) | മൈത്രി ഭവന പദ്ധതി-പുരോഗതി റിപ്പോർട്ട് ലഭിച്ചില്ല. | തടസ്സം തുടരുന്നു |
| 2000-01 | 2003-04, 3-11-14 | എടക്കുടി ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |
| 2001-02 | 2003-04, 3-11-14 | ചെമ്പോളിത്താഴം ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |

| | | | |
|---|---|---|---|
| 1999-00 | 2003-04, 3-11-14 | പൊന്നരം തെരു-പുനത്തറ റോഡ് അപാകതകൾ. | തടസ്സം തുടരുന്നു |
| 2002-03, 2(2) | 2006-07, 3-79-4(5) | കാഷ് ബുക്ക് എഴുതുന്നതിലെ അപാകതകൾ | തടസ്സം തുടരുന്നു |
| 2002-03, 3(4) | 2006-07, 3-79-17(8) | ജെ.ജി.എസ്.വൈ പദ്ധതികൾ പൂർത്തിയാക്കാത്തത്. | തടസ്സം തുടരുന്നു |

## **4-8** ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67831735 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76493510 |
| വരവിനങ്ങളിലുള്ള നഷ്ടം | 116450 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 199750 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | | |
| 2-1(1) | 61407 | | ശ്രീ.സുനിൽകുമാർ.എം.പി, സെക്രട്ടറി | ശ്രീ.സതീശൻ.സി.പി, സെക്രട്ടറി |
| 2-1(2) | 3691 | | ശ്രീ .സുനിൽകുമാർ.എം.പി, സെക്രട്ടറി | ശ്രീ.സതീശൻ.സി.പി, സെക്രട്ടറി |

| | | | | |
|---|---|---|---|---|
| 2-2 | 58515 | | ശ്രീ .സുനിൽകുമാർ.എം.പി, സെക്രട്ടറി | ശ്രീ.സതീശൻ.സി.പി, സെക്രട്ടറി |
| 3-13 | | 7200 | ഡോ.ഹെലനമോൾ മെഡിക്കൽ ഓഫീസർ | ഡോ.ഹെലനമോൾ മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | 199750 | ശ്രീ .സുനിൽകുമാർ.എം.പി, സെക്രട്ടറി | ശ്രീ.സതീശൻ.സി.പി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 (1) 3092 ഗ്രന്ഥശാലാവരി ശ്രീ.സതീശൻ.സി.പി. സെക്രട്ടറി
(2) 184 ഗ്രന്ഥശാലാവരി ശ്രീ.സതീശൻ.സി.പി. സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ- 2-1,2-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുനിൽകുമാർ.എം.പി, സെക്രട്ടറി | പെർഫോർമൻസ് ഓഡിറ്റ് സീനിയർ സൂപ്രണ്ട്, ബാലുശ്ശേരി | കരുണ, മുണ്ടോത്ത് താഴം കക്കോടി 673611 |
| ഡോ.ഹെലനമോൾ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | കൗസ്തുഭം, ബീച്ച് റോഡ്, |

| | | |
|---|---|---|
| | ബാലുശ്ശേരി. | കൊയിലാണ്ടി. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10 /783/12(2) തീയതി. 27.06.2012 | 1 (ഖണ്ഡിക 41) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10 /783/12(3) തീയതി. 27.06.2012 | 2 (ഖണ്ഡിക 30,31 ) |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.10 /783/12(4) തീയതി. 27.06.2012 | 2 (ഖണ്ഡിക 3-2, 3-3) |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.10 /783/12(5) തീയതി. 27.06.2012 | 8 (ഖണ്ഡിക 4,5,6,7,8,9,10,11) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.10 /783/12(7) തീയതി. 27.06.2012 | 1 (ഖണ്ഡിക 3-10) |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.10 /783/12(6) തീയതി. 27.06.2012 | 2 (ഖണ്ഡിക 4,5) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.5 /1306/06 തീയതി | 5 (ഖണ്ഡിക 2-2, 3-1, 3-3, 3-4, 3-5) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.1/330/08 തീയതി. 05.04.2009 | 1 (ഖണ്ഡിക 3-3) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.1 /1784/09തീയതി. 08.10.2009 | 11 (ഖണ്ഡിക 2-3, 3-5,3-6, 3-7,3-9, 3-10, 3-11, 3-12, 3-13, 4-2, 4-5) |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.1 /1784/09 തീയതി. 08.10.2009 | 6 (ഖണ്ഡിക 3-3, 3-6, 3-10,3-11, 3-12, 3-13) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.1/22/11 തീയതി. 23.12.2010 | 12 (ഖണ്ഡിക 2-3, 2-5,2-13,2-14,2-15, 3-1, 3-2, 3-17, 3-18, 3-19, 3-20, 3-21) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10 /969/13 തീയതി. 13.08.2013 | 14 (3-3, 3-5, 3-6, 3-7, 3-16, 3-17, 3-18, 3-20, 3-22, 3-24, 3-26,3-27, 3-28, 3-29) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10 /823/13 തീയതി. 13.08.2013 | 6 (ഖണ്ഡിക 3-2, 3-9, 3-11, 3-12, 3-13, 4-3) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10 /1671/12 തീയതി. 12.02.2013 | 11 (ഖണ്ഡിക 1-2, 1-3, 2-1, 2-3(1), 2-3(2), 2-4, 2-5, 3-5, 3-6, 3-7, 3-8) |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി.10 /1863/13 തീയതി. 12.04.2013 | 16 (ഖണ്ഡിക 2-5, 2-6, 3-1,3-2, 3-4, 3-6, |

| | | |
|---|---|---|
| | | 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16, 3-17, 3-18, 4-3) |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10 /1507/14(2) തീയതി. 07.11.2014 | 16 (ഖണ്ഡിക 1-3, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-13, 3-14, 3-15, 3-16, 3-17, 4-1, 4-2, 4-3) |
| 2012-13, 13-14 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/1412/15 തീയതി: 21-10-2015 | 24 (ഖണ്ഡിക 2-1, 2-2, 2-3, 2-5, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-13, 3-15, 3-16, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-27, 3-29, 3-30) |
| 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/1908/16 തീയതി: 30-06-2017 | 15 (ഖണ്ഡിക 2-1, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15) |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/ 119/2017 തീയതി: 30.1.17 | 8 (ഖണ്ഡിക 2-1 (3,4,6,8), 2-2, 3-4(1,2), 3-6, 3-7, 3-9, 3-10, 4-4) |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/ 2517/17 തീയതി: 08.01.2018 | 11 (ഖണ്ഡിക 2-1(1മുതൽ 9 വരെ), 2-3, 2-5, 2-6, 2-10, 3-4(2), 3-6, 3-9, 3-10, 3-12(1), 3-13) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.